(ഇ & എഫ്) മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. മാവേലിക്കര ബ്ലോക്ക് ഓഫീസ് മുതൽ പോലീസ് സ്റ്റേഷൻ പുളിമൂട്ടിൽ പാലംവഴി ബുദ്ധ ജംഗ്ഷൻ വരെയുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ - 96,97,524 രൂപ

2. പുതുതുറ-ചത്തിയറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ - 87,36,901 രൂപ

3. ഈരിക്കൽ പാലത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ - 54,30,000 രൂപ

4. കൊച്ചാലുംമൂട്-പന്തളം റോഡിന്റെ ബി. എം.& ബി. സി. - 9,90,89,181 രൂപ.

## കായംകുളം മണ്ഡലത്തിലെ മരാമത്ത് പണികൾ

**306 (3172)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം-കാർത്തികപ്പള്ളി റോഡ് രണ്ട് ലൈൻ റോഡായി പുനരുദ്ധരിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) കായംകുളം സർക്കാർ വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഭരണാനുമതിയ്ക്കായി പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ;

(സി) കായംകുളം ജുഡീഷ്യൽ കോംപ്ലക്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

### ഉത്തരം

(എ) കായംകുളം-കാർത്തികപ്പള്ളി റോഡ് നിർമ്മാണ പ്രവർത്തനം സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി, ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ആഡിറ്റോറിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണത്തിനുള്ള 460 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് ഭരണാനുമതി ലഭിക്കുന്നതിനായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയ്ക്ക് 854 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിനെത്തുടർന്ന് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കായംകുളം ജുഡീഷ്യൽ കോംപ്ലക്സിന്റെ നിർമ്മാണത്തിനായി ആർക്കിടെക്ചറൽ ഡിസൈൻ, ടെന്റേറ്റീവ് സ്ട്രക്ചറൽ ഡിസൈൻ, മണ്ണ് പരിശോധന എന്നിവ പൂർത്തിയാക്കിക്കഴിഞ്ഞ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഓഫീസേഴ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണത്തിനായുള്ള സ്ഥലം കായംകുളം ജുഡീഷ്യൽ കോംപ്ലക്സിന്റെ നിർമ്മാണത്തിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

**തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിന്റെ ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം**

**307 (3173)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഹോസ്റ്റൽ-കം-സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി പുനരാരംഭിക്കുന്നതിന് പി. ഡബ്ല്യു. ഡി. ചീഫ് എൻജിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും റിവൈസ്ഡ് എ. എസ്. നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

**ഉത്തരം**

പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പണി പൂർത്തിയാക്കാതെ പ്രവൃത്തിയിൽനിന്നും പിന്മാറിയതിനെത്തുടർന്ന് 7-11-2013-ൽ കരാറുകാരനെ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനായി പുതിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**തുറവൂർ താലൂക്ക് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവൃത്തികൾ**

**308 (3174)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറവൂർ താലൂക്ക് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചതിന്റെ കാരണം അറിയിക്കുമോ ;

(ബി) പ്രസ്തുത പണികൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

**ഉത്തരം**

(എ) പൂർത്തിയായ പണികളുടെ ബിൽ തുക കരാറുകാരന് ലഭിക്കാത്തതിനാലാണ് തുറവൂർ താലൂക്ക് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നത്.

(ബി) പണി പുനരാരംഭിക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly